# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5178

05-07-2012-ൽ മറുപടിക്ക്

### തൃശ്ശൂർ ജില്ലയിൽ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞവരുടെ ആശ്രിതർക്ക് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) കഴിഞ്ഞ വർഷം തൃശൂർ ജില്ലയിൽ വൈദ്യുതാഘാതമേറ്റ് എത്ര പേർ മരണമടഞ്ഞു എന്ന് വ്യക്തമാക്കുമോ; | (എ) കഴിഞ്ഞ വർഷം തൃശ്ശൂർ ജില്ലയിൽ വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>(1) പൊതുജനങ്ങൾ - 23 (11 പേർ വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും 12 പേർക്ക് ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നുമാണ് അപകടം സംഭവിച്ചിട്ടുള്ളത്)<br>(2) ബോർഡ് ജീവനക്കാർ - 1<br>(3) കരാർ തൊഴിലാളികൾ - 2 |
| (ബി) ഇങ്ങിനെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ? | (ബി) മരണം സംഭവിച്ച ബോർഡ് ജീവനക്കാരനായ ശ്രീ. സൈമണിന്റെ അശ്രിതർക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 6,70,160 /- (ആറു ലക്ഷത്തി എഴുപതിനായിരത്തി ഒരു നൂറ്റി അറുപത് രൂപ മാത്രം) രൂപ നഷ്ടപരിഹാരവും വൈദ്യുതി ബോർഡിലെ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 5 ലക്ഷം രൂപയുടെ മരണാനന്തര ആനുകൂല്യവും അനുവദിച്ചിട്ടുണ്ട്. കൂടാതെ ആശ്രിത നിയമനത്തിനും, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും, ഗവൺമെന്റിന്റെ ഇൻഷ |

റൻസ് വകുപ്പിൽ നിന്നും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം പ്രകാരമുള്ള 8 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് ആനുകൂല്യത്തിനും ആശ്രിതർക്ക് അർഹതയുണ്ട്.

കരാർ തൊഴിലാളികളായ ശ്രീ. മനോജ് അഥവാ മനോഹരന്റെ ആശ്രിതർക്ക് 7,93,240/- രൂപയും (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുനൂറ്റി നാല്പത് രൂപ) ശ്രീ. ഗണപതിയുടെ ആശ്രിതർക്ക് 8,78,880/- രൂപയും (എട്ട് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി എണ്ണൂറ്റി എൺപതു രൂപ) 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരമുള്ള നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് ബോർഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം പരമാവധി 1 ലക്ഷം രൂപ ആശ്വാസ ധനസഹായം നല്കിവരുന്നുണ്ട്. എന്നാൽ ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് സംഭവിക്കുന്ന മരണങ്ങൾക്ക് ടി പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ആശ്വാസധനസഹായം അനുവദിച്ചതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 3178

| ക്രമ നമ്പർ | പേരും മേൽവിലാസവും | അപകടം സംഭവിച്ച തീയതി | ആശ്വാസധനസഹായം സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|
| 1 | ശ്രീ. വിനോദ് കുമാർ, ഫയർമാൻ, ഫയർസ്റ്റേഷൻ, തൃശ്ശൂർ | 23.02.2011 | 1 ലക്ഷം രൂപയുടെ ആശ്വാസധനസഹായത്തിനു പുറമെ 4 ലക്ഷം രൂപ പ്രത്യേക പരിഗണനയിന്മേൽ അനുവദിച്ചു. |
| 2 | ശ്രീ. സലീഷ്, ചേമ്പിപറമ്പിൽ വീട്, ചൈതന്യനഗർ, എറിയാട്. | 19.04.2011 | അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 3 | ശ്രീ. വേലായുധൻ, തെർമ്മം ഹൗസ്, വരാന്തരപ്പിള്ളി | 18.06.2011 | അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 4 | ശ്രീ. ഉണ്ണികൃഷ്ണൻ, കാക്കാരകുന്ന് കോളനി, വടക്കേത്തറ, പഴയന്നൂർ. | 23.06.2011 | അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 5 | ശ്രീ. വേലായുധൻ, കമ്പനി പറമ്പിൽ, പുത്തൻ വേലിക്കര. | 10.08.2011 | അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 6 | ശ്രീ. സുധീഷ്, കരുവള്ളി ഹൗസ്, ചാവക്കാട്. | 01.09.2011 | 1 ലക്ഷം രൂപയുടെ ആശ്വാസധനസഹായത്തിനു പുറമെ 2 ലക്ഷം രൂപ പ്രത്യേക പരിഗണനയിന്മേൽ അനുവദിച്ചു. |
| 7 | മാസ്റ്റർ വാസുദേവ്, കരുവള്ളി ഹൗസ്, ചാവക്കാട്. | 01.09.2011 | 1 ലക്ഷം രൂപയുടെ ആശ്വാസധനസഹായത്തിനു പുറമെ 2 ലക്ഷം രൂപ പ്രത്യേക പരിഗണനയിന്മേൽ അനുവദിച്ചു. |
| 8 | ശ്രീ. മോഹനൻ, ചെമ്മണ്ട പറമ്പിൽ, വരാന്തരപ്പിള്ളി. | 20.08.2011 | അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 9 | ശ്രീ. ശർമ്മൻ ഷേക്ക്, ബംഗാൾ സ്വദേശി | 02.08.2011 | അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 10 | ശ്രീ. ഔസേപ്പുണ്ണി, വടശ്ശേരി ഹൗസ്, താഴൂർ | 17.11.2011 | അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 11 o | ശ്രീ. അന്തപ്പ്, കണ്ണംകുളം ഹൗസ്, പുല്ലത്തറ, കാരാളം. | 17.12.2011 | 90,000/- രൂപയുടെ അടിയന്തിര ധനസഹായം അനുവദിച്ചു. |

സെക്ഷൻ ഓഫീസർ